**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 809** **28-01-2026 - ൽ മറുപടിയ്ക്ക്**

**ശബരിമല തീർത്ഥാടനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് മുന്നൊരുക്കങ്ങൾ കൃത്യമായി നടത്തുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിന് കഴിഞ്ഞിട്ടില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് മുന്നൊരുക്കങ്ങൾ കൃത്യമായി നടത്തുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിന് കഴിഞ്ഞിട്ടുള്ളതാണ്. മുൻ വർഷങ്ങളെ അപേക്ഷിച്ച് സീസൺ ആരംഭിച്ച ആദ്യ ദിവസങ്ങളിൽ തന്നെ ദർശനത്തിന് എത്തിയവരുടെ എണ്ണത്തിൽ അഭൂതപൂർവ്വമായ വർദ്ധനവ് ഉണ്ടായി. വെർചൽ ക്യൂ, സ്പോട്ട് ബുക്കിംഗ് എന്നിവയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത് വഴി സുഗമമായ ദർശന സൗകര്യം ഏർപ്പെടുത്താൻ സാധിച്ചിട്ടുള്ളതാണ്. |
| (ബി) | ശബരിമലയിൽ തിരക്ക് നിയന്ത്രിക്കുവാൻ എന്തെല്ലാം ശാസ്ത്രീയ മാർഗ്ഗങ്ങൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; | (ബി) | സുഖദർശനം - സുരക്ഷിത ദർശനം എന്ന കാഴ്ചപ്പാടോടുകൂടിയ പഴുതടച്ച സുരക്ഷാ സംവിധാനങ്ങളും തിരക്ക് നിയന്ത്രണ മാർഗങ്ങളുമാണ് ശബരിമലയിൽ ഒരുക്കിയിരുന്നത്. കേരള പോലീസ് ആക്ട് 83 (1) പ്രകാരം ശബരിമലയും പരിസരപ്രദേശങ്ങളും അതീവ സുരക്ഷാ മേഖലയായി പ്രഖ്യാപിച്ചിരുന്നു. കോവിഡിന് ശേഷം അഭൂതപൂർവ്വമായ ഭക്തജന തിരക്കാണ് ശബരിമലയിൽ അനുഭവപ്പെട്ടത്. 2024-25 മണ്ഡല മകരവിളക്ക് സീസണിൽ 53,09,906 ഭക്തരാണ് ദർശനം നടത്തിയത്. 2025-26 സീസണിൽ 54,40,289 ഭക്തർ ദർശനം നടത്തുകയുണ്ടായി. എന്നാൽ കേരള പോലീസിന്റെ കൃത്യമായ തിരക്ക് നിയന്ത്രണം മൂലം ഭക്തർക്ക് സുരക്ഷിത ദർശനം നൽകാൻ സാധിച്ചിട്ടുണ്ട്. ഭക്തജന തിരക്ക് നിയന്ത്രണാതീതമാകുന്ന സാഹചര്യത്തിൽ മുൻകൂർ തയ്യാറാക്കിയ സ്കീം പ്രകാരമുള്ള 'ഹോൾഡ് ആൻഡ് റിലീസ് മെക്കാനിസം' ഉപയോഗപ്പെടുത്തിയാണ് ഇടത്താവളങ്ങളിൽ ഉൾപ്പെടെ തിരക്ക് ക്രമീകരിച്ചത്. ശബരിമലയിലെ തിരക്കിന്റെ തൽസ്ഥിതി ഭക്തരെ അറിയിക്കുന്നതിനായി നിലയ്ക്കൽ, പമ്പ, സന്നിധാനം |

എന്നിവിടങ്ങളിൽ വീഡിയോ വാളുകൾ സ്ഥാപിച്ചിട്ടുണ്ട്. തിരക്ക് മൂലം ഭക്തർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി ലഘൂകരിച്ചും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുകൾ പാലിച്ചുമാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നത്.

അന്യസംസ്ഥാനത്തുനിന്നും എത്തുന്ന ഭക്തജനങ്ങളെ സഹായിക്കുന്നതിന് ആശയവിനിമയം നടത്തുന്നതിനായി വിവിധ ദക്ഷിണേന്ത്യൻ ഭാഷകളിൽ ഉള്ള നിർദ്ദേശങ്ങൾ പോലീസ് ഉദ്യോഗസ്ഥർ വഴി നൽകിയിട്ടുണ്ട്. ശബരിമലയിലും പരിസര പ്രദേശങ്ങളിലും വിവിധ ഇടങ്ങളിലായി ഭക്തരെ സഹായിക്കുന്നതിനായി ക്യൂ.ആർ. കോഡുകൾ പതിപ്പിച്ചിരുന്നതും ഈ ക്യൂ.ആർ. കോഡുകൾ സ്കാൻ ചെയ്ത് പാർക്കിംഗ് ഗ്രൗണ്ട്, ക്യൂ സിസ്റ്റം, പൂജാ സമയങ്ങൾ തുടങ്ങിയവ ഭക്തർക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതുമാണ്.

തിരക്ക് നിയന്ത്രണത്തിനും സുരക്ഷ ക്രമീകരണങ്ങൾക്കുമായി ചീഫ് പോലീസ് കോ-ഓർഡിനേറ്ററുടെ നേരിട്ടുള്ള നിരീക്ഷണത്തിൽ 6 ഫേസുകളിലായി 18,741 പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്കായി വിന്യസിച്ചിരുന്നു. ഇത് കൂടാതെ ക്വിക്ക് റിയാക്ഷൻ ഫോഴ്സ്, റാപ്പിഡ് ആക്ഷൻ ഫോഴ്സ്, പോലീസ് കമാൻഡോസ്, ദേശീയ ദുരന്തനിവാരണ സേന, അത്യാധുനിക സജ്ജീകരണങ്ങളോടു കൂടിയ ബോംബ് ഡിറ്റക്ഷൻ ആൻഡ് ഡിസ്പോസൽ സ്ക്വാഡ്, മോഷണവും, സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളും തടയുന്നതിനായി പ്രത്യേക സ്കീം പ്രകാരമുള്ള സ്ക്വാഡുകൾ എന്നിവയെയും ശബരിമലയിൽ വിന്യസിച്ചിരുന്നു. മുൻ സീസണുകളിൽ നിന്ന് വ്യത്യസ്തമായി ശബരിമലയിലും പരിസരപ്രദേശങ്ങളിലും അത്യാധുനിക ഡ്രോൺ സംവിധാനം ഉപയോഗിച്ച് പ്രത്യേക നിരീക്ഷണവും ഏർപ്പെടുത്തിയിരുന്നു. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി പ്രത്യേകമായി രൂപകൽപ്പന ചെയ്ത ബാരിക്കേഡുകളും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. തിരുവാഭരണ ഘോഷയാത്ര, മകരവിളക്ക്, എരുമേലി പേട്ട തുള്ളൽ എന്നിവയുമായി ബന്ധപ്പെട്ടും മുകളിൽ പറഞ്ഞ തിരക്ക് നിയന്ത്രണ മാർഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

ഭാവിയിൽ ശബരിമലയിൽ ഉണ്ടാകുന്ന തിരക്ക് നിയന്ത്രണവുമായി ബന്ധപ്പെട്ട് ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചുകൊണ്ട് AI enabled തെർമൽ ഇമേജിങ്, AI enabled ഫെയ്സ് റെക്കഗ്നേഷൻ ക്യാമറ, AI enabled പീപ്പിൾ കൗണ്ട്

| | | | |
|---|---|---|---|
| | | | ക്യാമറ, ഓട്ടോമാറ്റിക് പാർക്കിംഗ് സ്പേസ് അലോട്ട്മെന്റ്, ഇന്റഗ്രേറ്റഡ് കൺട്രോൾ റൂം, ഓട്ടോമാറ്റിക് ഡ്രോൺ സർവേലൻസ് എന്നിവ ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.<br><br>കൂടാതെ ശബരിമലയിലെ തിരക്ക് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി നിലയ്ക്കൽ ഇടത്താവളം മുതൽ ശബരിമല സന്നിധാനം വരെ ശാസ്ത്രീയമായ മാർഗ്ഗങ്ങൾ സ്വീകരിച്ച് ഫലപ്രദമായ പിൽഗ്രിം മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുവാൻ താല്പര്യപത്രം ക്ഷണിക്കാൻ ശബരിമല മാസ്റ്റർപ്ലാൻ പദ്ധതിയുടെ ഭാഗമായി നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം അടുത്ത വർഷത്തെ തീർത്ഥാടനം സുഗമമാക്കുന്നതിന് ഉത്സവ മാന്വൽ തയ്യാറാക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്ന സർക്കാർ സ്ഥാപനത്തെ ദേവസ്വം ബോർഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | തീർത്ഥാടകർക്ക് ശുചിമുറി സൗകര്യം ഉറപ്പാക്കുന്നതിനും അവ വൃത്തിയായി സൂക്ഷിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ? | (സി) | തീർത്ഥാടനകർക്ക് ആവശ്യമായ എണ്ണം ശുചിമുറികൾ നിലയ്ക്കൽ, പമ്പ, സന്നിധാനം, ടെക്ക് റൂട്ട് എന്നിവിടങ്ങളിൽ ഏർപ്പെടുത്തിയിരുന്നു. കരാർ നൽകിയിട്ടുള്ള ശുചിമുറികളുടെ ശുചീകരണം ഉൾപ്പെടെയുള്ള പരിപാലന ചുമതല അതാത് കരാറുകാർക്കാണുള്ളത്. സൗജന്യമായി ഉപയോഗിക്കുന്ന ശുചിമുറികൾ വൃത്തിയാക്കുന്നതിനായി ദേവസ്വം ബോർഡ് ദിവസവേതനക്കാരെ നിയോഗിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ